JAGRATHA 87

Vol -3 No: 13
09-03-2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാനവാർത്തകൾ

01. കുരിശടി തകർത്ത സാമൂഹ്യവിരുദ്ധരെ പിടികൂടണം: ബിഷപ് ഡോ.സ്റ്റാൻലി റോമൻ
02. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സർക്കാർ പീഡിപ്പിക്കുന്നതിൽനിന്നു പിന്മാറണം: മാർ ജോസഫ് പവ്വത്തിൽ
03. രാഷ്ട്രീയാതിപ്രസരം മൂലം മതങ്ങൾ ദർശനങ്ങൾ മറക്കുന്നു: മാർ ആൻഡ്രൂസ് താഴത്ത്
04. വിദ്യാഭ്യാസത്തിലൂടെ മാത്രമേ സമൂഹം ഉന്നതിയിലേക്കുയരുകയുള്ളൂ: കാതോലിക്കാ ബാവ
05. നിയമപരിഷ്കരണ നിർദേശങ്ങൾ മനുഷ്യത്വരഹിതം: ബിഷപ് മാർ കല്ലറങ്ങാട്ട്
06. വിദ്യാലയങ്ങൾ ജീവിതസംസ്കാരം പഠിപ്പിക്കുന്ന കേന്ദ്രങ്ങൾ: മാർ ജോസ് പൊരുന്നേടം
07. കർഷകരുടെ അടിസ്ഥാന അവകാശങ്ങളും നിഷേധിക്കുന്നു: മാർ ജോർജ് വലിയമറ്റം
08. വ്യക്തി വിശുദ്ധീകരണത്തിലൂടെ യുവാക്കൾ രാഷ്ട്രസേവനത്തിന് തയാറാവണം: മാർ മനത്തോടത്ത്

### 01. കുരിശടി തകർത്ത സാമൂഹ്യവിരുദ്ധരെ പിടികൂടണം: ബിഷപ് ഡോ. സ്റ്റാൻലി റോമൻ (26-2-2009 )

ആലപ്പുഴയിൽ ഐ.എം.എസ് ധ്യാനകേന്ദ്രത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുസ്വരൂപം അക്രമികൾ എറിഞ്ഞു തകർത്ത സംഭവത്തിൽ കെസിബിസി വിദ്യാഭ്യാസ-ഐക്യ-ജാഗ്രതാ കമ്മീഷനുകളുടെ ചെയർമാൻ കൊല്ലം ബിഷപ് ഡോ.സ്റ്റാൻലി റോമൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ആലപ്പുഴയിൽ തിരുസ്വരൂപങ്ങളും കുരിശടികളും നിരന്തരമായി തകർക്കപ്പെടുന്നതിൽ അദ്ദേഹം ഉത്കണ്ഠ രേഖപ്പെടുത്തി. സാമൂഹിക ഐക്യത്തെയും സാഹോദര്യത്തെയും തകർക്കുന്ന സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടം അവസാനിപ്പിക്കാൻ സംസ്ഥാന ഭരണകൂടം തയാറാവണമെന്നു ബിഷപ് അവശ്യപ്പെട്ടു. അക്രമികളെ കണ്ടുപിടിക്കുന്നതിലും മാതൃകാപരമായി ശിക്ഷിക്കുന്നതിലും ഭരണാധികാരികൾ കടുത്ത നിസംഗതയാണ് പുലർത്തുന്നത്. ക്രൈസ്തവ ആരാധനാലയങ്ങളും കുരിശടികളും തകർക്കുന്നവരെ മാനസികരോഗികളാക്കി ചിത്രീകരിച്ച് സംഭവത്തിന്റെ പ്രാധാന്യം കുറച്ചു കാണിക്കാനാണ് പലപ്പോഴും ശ്രമങ്ങളുണ്ടാകുന്നത്. സാമൂഹ്യവിരുദ്ധരും മാനസിക രോഗികളുംമാത്രമാണോ അക്രമത്തിനുപിന്നിലെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവാരാധനാലയങ്ങളും കുരിശടികളും തകർത്ത ആരേയും ഇതുവരെയും ശിക്ഷിച്ചതായി കേട്ടിട്ടില്ല. വിവിധ മതവിഭാഗങ്ങൾ സ്നേഹത്തിലും സഹിഷ്ണുതയിലും കഴിയുന്ന സ്ഥലങ്ങളിൽ ഇത്തരം സംഭവങ്ങൾ സാമുദായിക സ്പർധയ്ക്കും അസഹിഷ്ണുതയ്ക്കും കാരണമാകും. അക്രമികളെ ഉടൻ കണ്ടുപിടിക്കണമെന്നും മാതൃകാപരമായി ശിക്ഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പ്രതിസന്ധികളിൽ വിശ്വാസികൾ ആത്മധൈര്യം കൈവെടിയരുതെന്നും ആത്മസംയമനം പാലിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

### 02. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സർക്കാർ പീഡിപ്പിക്കുന്നതിൽനിന്നു പിന്മാറണം: മാർ പവ്വത്തിൽ (02-03-2009)

ന്യൂനപക്ഷ വിദ്യാർഥികളേയും വിദ്യാഭ്യാസ സ്ഥാപനങ്ങളേയും പീഡിപ്പിക്കുന്നതിൽനിന്നും സർക്കാർ പിന്മാറണമെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷന്റെ ചെയർമാൻ

ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ ആവശ്യപ്പെട്ടു. ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശം അടിയറവയ്ക്കാൻ തയാറാകാത്ത കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളജുകളിലെ വിദ്യാർഥികളെ നിരന്തരം പീഡിപ്പിക്കുന്ന നിലപാടാണു വിദ്യാഭ്യാസ മന്ത്രിയും യൂണിവേഴ്സിറ്റിയും കൈക്കൊണ്ടിരിക്കുന്നത്.

ഈ അതിക്രമങ്ങളെ സമൂഹം ശക്തമായിത്തന്നെ നേരിടേണ്ടതാണ്. ആയിരക്കണക്കിനു വിദ്യാർഥികൾ പഠിക്കു ജ്യോതി, സഹൃദയാ എന്നീ എൻജിനീയറിംഗ് കോളജുകളിലെയും ജൂബിലി, അമല എന്നീ മെഡിക്കൽ കോളജുകളിലെയും വിദ്യാർഥികളെയാണു സർക്കാർ നിരന്തരമായി പീഡിപ്പിക്കുന്നത്. വിദ്യാർഥികളുടെ പരീക്ഷ നടത്താതിരിക്കുക, പരീക്ഷാഫലം പ്രസിദ്ധീകരിക്കാതിരിക്കുക, കോളജുകളുടെ അഫിലിയേഷൻ റദ്ദുചെയ്യുക തുടങ്ങിയ ക്രൂരമായ പീഡനങ്ങളാണു യൂണിവേഴ്സിറ്റി ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്. വിദ്യാഭ്യാസമന്ത്രിയുടെ താത്പര്യപ്രകാരം യൂണിവേഴ്സിറ്റി രജിസ്ട്രാർ ആണ് ഈ പീഡനങ്ങൾ ആസൂത്രണം ചെയ്യുന്നതെന്നാണു നിരീക്ഷകർ പറയുന്നത്. എൻജിനിയറിംഗ് കോളജുകളിൽ ഈ വരുന്ന ചൊവ്വാഴ്ച നടക്കേണ്ട പരീക്ഷകളിൽ ഈ കോളജുകളിലെ വിദ്യാർഥികളെ ഉൾപ്പെടുത്താതിരിക്കാനുള്ള ശ്രമമാണ് ഇപ്പോൾ യൂണിവേഴ്സിറ്റി നടത്തുന്നത്. ഏറ്റവും സുതാര്യവും മെരിറ്റനുസരിച്ചും ന്യായമായ ഫീസുമാത്രം ഈടാക്കിയും പ്രവർത്തിക്കുന്ന കോളജുകളെന്നു ഹൈക്കോടതി നിരീക്ഷിച്ചിട്ടുള്ള ഈ സ്ഥാപനങ്ങളുടെ ജനാധിപത്യപരമായ ന്യൂനപക്ഷാവകാശങ്ങൾ അടിയറവയ്പ്പിക്കാനാണു സർക്കാർ ശ്രമിക്കുന്നത്. ഇങ്ങനെ ബലംപ്രയോഗിച്ചും സമ്മർദത്തിലാക്കിയും ജനാധിപത്യ അവകാശങ്ങൾ കവർന്നെടുക്കാൻ ശ്രമിക്കുന്നതു സർക്കാരിന്റെ ഏകാധിപത്യ-സർവാധിപത്യ മനോഭാവത്തിന്റെ പ്രതിഫലനമായിട്ടേ കാണാനാവൂ. വിദ്യാർഥികളുടെയും കലാലയത്തിന്റെയും ഓരോ ചെറിയ കാര്യത്തിനും കോടതിയെ സമീപിക്കേണ്ട സാഹചര്യമാണ് കാലിക്കട്ട് യൂണിവേഴ്സിറ്റി ആസൂത്രിതമായി സൃഷ്ടിച്ചിരിക്കുന്നത്. ജനാധിപത്യ വിരുദ്ധവും കേരളത്തിന്റെ വളർച്ചയെ തകർക്കുന്നതും വിദ്യാർഥികളുടെ ഭാവി പന്താടുന്നതുമായ ഈ നീക്കങ്ങളിൽനിന്നും വിദ്യാഭ്യാസ മന്ത്രിയും യൂണിവേഴ്സിറ്റിയും പിൻവാങ്ങണമെന്ന് അദ്ദേഹം അഭ്യർഥിച്ചു.

**03. രാഷ്ട്രീയാതിപ്രസരം മൂലം മതങ്ങൾ ദർശനങ്ങൾ മറക്കുന്നു: മാർ ആൻഡ്രൂസ് താഴത്ത്** (2-3-2009)

രാഷ്ട്രീയാതിപ്രസരം മൂലം മതങ്ങൾ ദർശനങ്ങൾ മറന്നുകൊണ്ടിരിക്കുന്നുവെന്ന് അതിരൂപത ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. ഇതുകൊണ്ടാണ് രാജ്യത്ത് വർഗീയകലാപങ്ങളുണ്ടാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പുറനാട്ടുകര ശ്രീരാമകൃഷ്ണമഠത്തിൽ ശ്രീരാമകൃഷ്ണ ജയന്തിയാഘോഷങ്ങളുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഗുജറാത്തിലും ഒറീസയിലും സംഭവിക്കാൻ പാടില്ലാത്തതാണ് നടന്നത്. ആർഷഭാരതത്തിന്റെ ഉൾക്കാഴ്ച മനസിലാക്കാൻ കഴിയാത്തവരാണ് ഇത്തരം കലാപങ്ങൾക്കു പിന്നിൽ. മതങ്ങളുടെ അമ്മയായ ഇന്ത്യയിൽ വർഗീയത ഏറെ വർധിച്ചിരിക്കുന്നു. കേരളത്തിലേക്കും ഇതു പടരുന്നുണ്ട്. ആർഷഭാരതത്തിന്റെ ആത്മാവുകണ്ടെത്തിയ മഹാനാണ് ശ്രീരാമകൃഷ്ണപരമഹംസരെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ മതവിഭാഗങ്ങളെ വർഗീയത പിടികൂടിയതിന്റെ ദുഷ്ഫലങ്ങളാണ് നാമനുഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് മുഖ്യപ്രഭാഷണം നടത്തിയ അബ്ദുസമദ്സമദാനി പറഞ്ഞു. കേരളത്തിൽ മതബോധം വർധിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**04. വിദ്യാഭ്യാസത്തിലൂടെ മാത്രമേ സമൂഹം ഉന്നതിയിലേക്കുയരുകയുള്ളൂ: കാതോലിക്കാ ബാവ** (02-03-2009)

വിദ്യാഭ്യാസത്തിലൂടെ മാത്രമേ സമൂഹം ഉന്നതിയിലേക്കുയരുകയുള്ളുവെന്ന് മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ ഉദ്ബോധിപ്പിച്ചു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നുവെന്ന കാരണത്താൽ വിദ്യാഭ്യാസം നഷ്ടപ്പെടുന്നവരെക്കൂടി സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരാനുള്ള ബാധ്യത നമുക്കുണ്ടെന്നും വി.ജെ.ടി ഹാളിൽ നടന്ന പി.എൻ.പണിക്കർ ജന്മശതാബ്ദി ആഘോഷ ചടങ്ങിൽ കാതോലിക്ക ബാവ പറഞ്ഞു.കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് വളരെയേറെ പുരോഗതികൾ ഉണ്ടായിട്ടുണ്ട്. ഉയർന്ന വിദ്യാഭ്യാസം നേടിയ ആൾക്കാർ എപ്പോഴും നല്ലൊരു സമൂഹം സൃഷ്ടിക്കുന്നതിൽ സ്വയം ബാധ്യസ്ഥരാണെന്ന ബോധം കാത്ത് സൂക്ഷിക്കണമെന്നും കാതോലിക്ക ബാവ പറഞ്ഞു.

മലയാളത്തിന്റെ രൂപ ഭാവങ്ങൾ നിർണയിക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചയാളാണ് പി.എൻ.പണിക്കർ. മാത്രമല്ല സാക്ഷര കേരളത്തിന്റെ സമസ്ത പുരോഗമന ചിന്തയിലും, പുരോഗതിയിലും അടിസ്ഥാനമായി നിൽക്കുന്ന ഒരു മഹത് വ്യക്തിയുമാണദ്ദേഹം. ഒരു പുരുഷായുസ് മുഴുവനും സമൂഹത്തിനുവേണ്ടി സമർപ്പിക്കാനും പി.എൻ.പണിക്കർക്ക് കഴിഞ്ഞുവെന്നും കാതോലിക്ക ബാവ അനുസ്മരിച്ചു

**05. നിയമപരിഷ്കരണ നിർദേശങ്ങൾ മനുഷ്യത്വരഹിതം: ബിഷപ് മാർ കല്ലറങ്ങാട്ട്** (03-03-2009)

കേരള നിയമ പരിഷ്കരണ സമിതി മുന്നോട്ടുവച്ചിരിക്കുന്ന നിർദേശങ്ങളിൽ ചിലത് മനുഷ്യത്വരഹിതമാണെന്നും ഇതിനെ മാനുഷിക നിയമങ്ങളായല്ല കാടിന്റെ നിയമങ്ങളായിട്ടാണു കാണേണ്ടതെന്നും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. പാലായിൽ നടന്ന എ.കെ.സി.സി. കൺവൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദയാവധം, സന്താനനിയന്ത്രണം, ആത്മഹത്യ സാധൂകരിക്കുക തുടങ്ങിയ നിർദേശങ്ങൾ ധാർമികതയിൽ അടിയുറച്ച ഭാരത സംസ്കാരത്തിനു ചേർന്നതല്ല. ഭാരതത്തിൽ ഏറ്റവും സുതാര്യമായി പ്രവർത്തിക്കുന്ന കത്തോലിക്കാസഭയുടെ ഭരണത്തിൽ രാഷ്ട്രീയ അധിനിവേശത്തിനുള്ള ശ്രമം സമുദായ അംഗങ്ങൾ തള്ളിക്കളയണം. ക്രൈസ്തവ വിവാഹത്തിന്റെ കൗദാശികമാനം പോലും നഷ്ടപ്പെടുത്തുന്ന നിർദേശങ്ങൾ അംഗീകരിക്കാനാവില്ല.വിദ്യാഭ്യാസ മേഖലയിൽ ഭരണകൂടം നടത്തുന്ന പീഡനങ്ങൾ തുടരുകയാണ്. എയ്ഡഡ് കോളജ്, പ്ലസ്ടു പ്രിൻസിപ്പൽ-അധ്യാപക നിയമനങ്ങൾ അംഗീകരിക്കാത്തതും കോളജ് സിലബസ് മാർക്സിസ്റ്റ് വത്കരിക്കുന്നതും ഇതിന്റെ തുടർച്ചയാണ്. സ്വാശ്രയ സ്ഥാപനങ്ങളുടെ അനുദിനപ്രവർത്തനം പോലും നടത്താനാവാത്തവിധം തടസപ്പെടുത്തുന്നു. ചോദ്യപേപ്പറിലൂടെ പോലും ക്രൈസ്തവ സമുദായത്തെയും വൈദികരെയും അവഹേളിക്കുകയാണ്. ന്യൂനപക്ഷത്തെ അകാരണമായി അധിക്ഷേപിച്ച് ഭൂരിപക്ഷ വോട്ടിൽ കണ്ണുവയ്ക്കുന്ന ഭരണകൂടത്തിന്റെയും ചില നിരീശ്വരപ്രസ്ഥാനങ്ങളുടെയും മതേതരമുഖം നഷ്ടമാവുകയാണ്. കാലഘട്ടത്തിന്റെ വെല്ലുവിളികൾ മനസിലാക്കി ചരിത്രപരമായ ദൗത്യം നിർവഹിക്കാൻ സമുദായത്തെ സജ്ജമാക്കാൻ ബിഷപ് എ.കെ. സി.സി. ഭാരവാഹികളോട് ആവശ്യപ്പെട്ടു.

**06. വിദ്യാലയങ്ങൾ ജീവിതസംസ്കാരം പഠിപ്പിക്കുന്ന കേന്ദ്രങ്ങൾ: മാർ ജോസ് പൊരുന്നേടം (5-3-2009)**

വിദ്യാലയങ്ങൾ ജീവിത സംസ്കാരം പഠിപ്പിക്കുന്ന കേന്ദ്രങ്ങളാണെന്ന് മാനന്തവാടി രൂപത ബിഷപ് മാർ ജോസ് പൊരുന്നേടം. തരിയോട് സെന്റ്മേരീസ് യു.പി സ്കൂൾ 58-ാമത് വാർഷികാഘോഷം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്.മനുഷ്യനെ യഥാർഥ മനുഷ്യനാക്കാനുള്ള പാഠങ്ങളാണ് വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്നത്. അച്ചടക്കമുള്ള ഒരു സമൂഹത്തിന് മാത്രമേ നാടിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ സാധിക്കുകയുള്ളു. അച്ചടക്കമുള്ള ദേശസ്നേഹികളെ വാർത്തെടുക്കുന്നതും വിദ്യാലയങ്ങളിൽ നിന്നാണ്. ഗുരുശിഷ്യ ബന്ധം ഗുരുവിനേയും ശിഷ്യനേയും ഒരു പോലെ സന്തോഷിപ്പിക്കുന്നതാണ്. അതുകൊണ്ട് മഹനീയമായ ഈ ബന്ധം ഊട്ടി ഉറപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും ബിഷപ് പറഞ്ഞു.

**07. കർഷകരുടെ അടിസ്ഥാന അവകാശങ്ങളും നിഷേധിക്കുന്നു: മാർ ജോർജ് വലിയമറ്റം** (6-3-2009)

കർഷകരുടെ അടിസ്ഥാന അവകാശങ്ങൾ പോലും നിഷേധിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളതെന്നും ഇതിനു മാറ്റം വരുത്താൻ കർഷകർ ഒറ്റക്കെട്ടായി മുന്നേറണമെന്നും തലശേരി അതിരൂപതാ ആർച്ച്ബിഷപ് മാർ ജോർജ് വലിയമറ്റം. ഇൻഫാം ദേശീയ സമ്മേളനം തലശേരി സന്ദേശ് ഭവനിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. കർഷകർക്ക് ഇന്നു വാഗ്ദാനങ്ങൾ മാത്രമാണ് ലഭിക്കുന്നത്. കർഷകരുടെ ശോച്യാവസ്ഥയും കർഷകരോടുള്ള അവഗണനയും വർധിച്ചു വരുന്ന സാഹചര്യത്തിൽ ഇൻഫാമിന്റെ പ്രസക്തി ഏറെ വലുതാണ്. സംഘടിക്കുന്നവർക്ക് മാത്രമെ ഇന്ന് അവകാശങ്ങൾ നേടിയെടുക്കാൻ കഴിയൂ. വലിയ പ്രതീക്ഷകൾ മുന്നിൽ കണ്ടു പ്രവർത്തിച്ചാലെ കർഷകർക്ക് വളരാൻ കഴിയൂ. ഇപ്പോൾ കർഷകർക്കായി കൂടുതലൊന്നും ചെയ്യേണ്ടെന്ന മനോഭാവമാണ് സർക്കാരിനു വരെയുള്ളത്. ഈ സ്ഥിതിക്ക് മാറ്റമുണ്ടാകണം. കർഷകർ സ്വയം പര്യാപ്തതയിലേക്കെത്തണം. എന്ത് ഇല്ലാതായാലും കൃഷിയില്ലാതെ മനുഷ്യന് ഒരു ജീവിതമുണ്ടാകില്ലെന്നും ആർച്ച്ബിഷപ് ചൂണ്ടിക്കാട്ടി.

പാർലമെന്റ് തെരഞ്ഞെടുപ്പിൽ കർഷകർ തങ്ങളുടെ ആവശ്യങ്ങൾ മുന്നോട്ടു വയ്ക്കണമെന്ന് ഇൻഫാം ദേശീയ പ്രസിഡന്റായി ചുമതലയേറ്റ ഡോ. പി.സി സിറിയക്ക് പറഞ്ഞു. റബർ കർഷകരുടെ ഉത്പന്നങ്ങൾക്ക് വ്യവസായികൾ വിസ്കിയുമടിച്ച് വില നിശ്ചയിച്ചിരുന്ന കാലത്തിന് മാറ്റം വരുത്താൻ റബർ ബോർഡിന്റെ പ്രവർത്തനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്.റബർ വ്യവസായം വ്യാപകമായതിനു പിന്നിൽ റബർ ബോർഡിന്റെ പ്രവർത്തനങ്ങളുണ്ട്. ഇത്തരം പ്രവൃത്തികൾ നെൽകൃഷി രംഗത്തും ഉണ്ടായാൽ വലിയ മാറ്റങ്ങളുണ്ടാകും. മന്ത്രിമാരും എംഎൽഎമാരും പാടത്തിറങ്ങിയതു കൊണ്ടു മാത്രം കാര്യമില്ല. നെൽ കർഷകരെ രക്ഷിക്കാനുള്ള നടപടിയാണുണ്ടാകേണ്ടത്. നെൽകൃഷി രംഗത്ത് ഇഷ്ടമുള്ള തൊഴിലാളികളെ കൊണ്ട് ജോലി ചെയ്യിക്കാനുള്ള അവസരവും യന്ത്രമുപയോഗിക്കാനുള്ള അനുമതിയും സർക്കാർ നല്കണം. ഇന്നത്തെ നില തുടർന്നാൽ നെൽകൃഷി ഭാവിയിൽ ഇല്ലാതാകും. കാർഷിക കടം എഴുതിത്തള്ളാൻ 65,000 കോടി രൂപയാണ് കേന്ദ്രസർക്കാർ മുടക്കിയത്. എന്നാൽ, ഇതിന്റെ ഗുണം യഥാർഥ കർഷകർക്കു ലഭിച്ചിട്ടില്ല. കർഷകർക്കായുള്ള പല പദ്ധതികളും ഉദ്ദേശിക്കുന്ന ഫലമുണ്ടാക്കുന്നില്ലെന്നും സിറിയക്ക് പറഞ്ഞു.

**08. വ്യക്തി വിശുദ്ധീകരണത്തിലൂടെ യുവാക്കൾ രാഷ്ട്രസേവനത്തിന് തയാറാവണം: മാർ മനത്തോടത്ത്**

യുവാക്കൾ വ്യക്തിവിശുദ്ധീകരണത്തിലുടെ രാഷ്ട്രത്തിനും സമൂഹത്തിനും സേവനത്തിന് തയാറാവണമെന്ന് പാലക്കാട് ബിഷപ് മാർ ജേക്കബ് മനത്തോടത്ത്. കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ പ്രവർത്തനവർഷ ഉദ്ഘാടനവും കർമപദ്ധതി പ്രകാശനവും പാലക്കാട് രൂപതയുടെ ആതിഥേയത്വത്തിൽ നടന്ന സമ്മേളനത്തിൽ സംസ്ഥാന ഭാരവാഹികളുടെയും കേരളത്തിലെ 29 രൂപതകളിൽ നിന്നും എത്തിച്ചേർന്ന പ്രതിനിധികളുടെയും സാന്നിധ്യത്തിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഇന്നത്തെ യുവാക്കൾ തെറ്റായ പ്രത്യയശാസ്ത്രങ്ങൾക്ക് അടിമപ്പെടാതെ വ്യക്തിവിശുദ്ധീകരണത്തിലുടെ രാഷ്ട്രത്തിനും സമൂഹത്തിനും സേവനത്തിന് തയാറാവണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. യുവജനം വിശ്വാസ തീക്ഷണയോടെ രാഷ്ട്രസേവനത്തിന് എന്ന ആപ്തവാക്യത്തിൽ ഊന്നി കൊണ്ടുള്ള കർമപദ്ധതി സംസ്ഥാന പ്രസിഡന്റ് ജോസഫ് തോമസിന് നൽകി ബിഷപ് പ്രകാശനം ചെയ്തു. പാലക്കാട് മുണ്ടൂർ യുവക്ഷേത്രയിൽ നടന്ന ചടങ്ങിൽ സംസ്ഥാന ജനറൽ സെക്രട്ടറി സന്തോഷ് അറയ്ക്കൽ സ്വാഗതം ആശംസിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ജെയ്സൺ കൊള്ളന്നൂർ ആമുഖ പ്രഭാഷണം നടത്തി.